# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/66/2018 2018 മാർച്ച് 28

## പത്രക്കുറിപ്പ്

### എം.ജി. പഠനവകുപ്പുകളിൽ പി.ജി. പ്രവേശന പരീക്ഷ ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 16 വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി.ജി. പ്രവേശനത്തിനായി നടത്തുന്ന പരീക്ഷയ്ക്കുള്ള (ക്യാറ്റ്) ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 16 വരെ നടത്താവുന്നതാണ്. സർവ്വകലാശാലാ പഠനവകുപ്പുകളിലെ വിവിധ എം.എ./എം.എസ്.സി./എൽ.എൽ.എം./എം.ടി.ടി.എം./എം.എഡ്. എന്നീ പ്രോഗ്രാമുകൾക്കാണ് പ്രവേശന പരീക്ഷ നടത്തുന്നത്. അവസാനവർഷ പരീക്ഷാഫലം കാത്തുനിൽക്കുന്നവർക്കും അപേക്ഷിക്കാം. ഓൺലൈനായാണ് അപേക്ഷയും ഫീസും സമർപ്പിക്കേണ്ടത്. www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പ്രവേശന പരീക്ഷയ്ക്ക് തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. പ്രവേശന പ്രക്രിയ, യോഗ്യത, പഠനവകുപ്പുകൾ, പി.ജി. പ്രോഗ്രാമുകൾ, പരീക്ഷാ ഘടന, സിലബസ് തുടങ്ങിയ വിവരങ്ങൾക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനവും പ്രോസ്പെക്ടസും കാണുക. എം.എസ്.സി. സൈക്കോളജി പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുള്ളതാണ്. എം.എഡ്. പ്രോഗ്രാമുകളിലേക്കുള്ള അപേക്ഷകർ അപേക്ഷയുടെ ഹാർഡ് കോപ്പിയും സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളും സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ഡയറക്ടർക്ക് നിശ്ചിത തീയതിയ്ക്കുള്ളിൽ അയച്ചു നൽകേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഇമെയിൽ: catcellmguniversity@gmail.com, ഫോൺ: 9447484980.

### അപേക്ഷാ തീയതി

ആറാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്., റീ അപ്പിയറൻസ് 2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 11 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർഫൈനോടെ 16 വരെയും അപേക്ഷിക്കാം. നാലാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്., റീഅപ്പിയറൻസ് 2013ന് മുമ്പുള്ള അഡ്മിഷൻ & മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 25 വരെയും 50 രൂപ പിഴയോടെ 26 വരെയും 500 രൂപ സൂപ്പർഫൈനോടെ 30 വരെയും അപേക്ഷിക്കാം. ഡൗൺലോഡ് ചെയ്തെടുക്കുന്ന അപേക്ഷാഫോമിന്റെ വിലയായി 25 രൂപയും സി.വി. ക്യാമ്പ് ഫീസായി പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) മാർക്ക് ലിസ്റ്റ് ഫീസായി 25 രൂപയും റീഅപ്പിയറൻസ് ഫീസായി 50 രൂപയും പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. നാലാം സെമസ്റ്റർ മേഴ്സി ചാൻസ് അപേക്ഷകർ 7000 രൂപ സ്പെഷ്യൽ ഫീസും അടയ്ക്കേണ്ടതാണ്. പരീക്ഷാ തീയതി പിന്നീട് അറിയിക്കും.

നാലാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2015 മുതൽ അഡ്മിഷൻ - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 25ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 6 വരെയും, 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും സപ്ലിമെന്ററി വിദ്യാർത്ഥികൾ പേപ്പറൊന്നിന് 50 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ (ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ) പരീക്ഷ ഏപ്രിൽ 13ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 3 വരെയും 50 രൂപ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും സ്വീകരിക്കും.

**മേഴ്സി ചാൻസ് പരീക്ഷ**

നാലാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (പഴയ സ്കീം, 2007 - 2011 അഡ്മിഷൻ) മേഴ്സി ചാൻസ് പരീക്ഷയുടെ വിഷ്വൽ പ്രോഗ്രാമിംഗ് യൂസിംഗ് വി.ബി. നെറ്റ് എന്ന പരീക്ഷ ഏപ്രിൽ 18 ന് നടത്തുന്നതാണ്.

**പ്രാക്ടിക്കൽ**

2018 മാർച്ച് മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. ഹിന്ദി (സി.ബി.സി.എസ്.എസ്. മോഡൽ I & II - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 6ന് അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 മാർച്ച് മാസത്തിൽ നടന്ന ആറാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജി (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് & വൈവാവോസി എന്നിവ ഏപ്രിൽ 3 മുതൽ 13 വരെ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.ഫിൽ ക്ലാസ്സുകൾ**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2017 - 18 ബാച്ച് എം.ഫിൽ എജ്യൂക്കേഷൻ ക്ലാസ്സുകൾ ഏപ്രിൽ 3ന് ആരംഭിക്കുന്നതാണ്.

**ബി.എ. ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന**

2017 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഏപ്രിൽ 5, 6, 7 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷാഭവനിലെ ഇ.ജെ. 11 സെക്ഷനിൽ തിരിച്ചറിയൽ രേഖയുമായി ഹാജരാകണം.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 2017 ജൂലൈ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ ബിഹേവിയറൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (പാർട്ട് ടൈം) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് 2018 ഫെബ്രുവരി മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 മെയ് മാസത്തിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്. പ്രൈവറ്റ് രജിസ്ട്രേഷൻ - മോഡൽ-1) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 13 വരെ അപേക്ഷിക്കാം.

2017 സെപ്തംബറിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**